പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2411. 19.07.2016 ൽ മറുപടിയ്ക്ക്.

**മെച്ചപ്പെട്ട റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ്<br>,, വി.റ്റി.ബൽറാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ റോഡുകളിൽ മെച്ചപ്പെട്ട റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) | കേരളത്തിലെ റോഡുകളിൽ മെച്ചപ്പെട്ട റോഡ് സുരക്ഷയ്ക്കായി ഐക്യരാഷ്ട്രസഭ തുടക്കമിട്ട പരിപാടിയായ "റോഡ് സുരക്ഷയ്ക്കായി ഒരു ദശകം" പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ട്രാഫിക് നിയമം ലംഘിക്കൽ എന്നിവ കുറയ്ക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നുണ്ട്.<br>റോഡു സുരക്ഷയ്ക്കും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര 2015 എന്ന ഒരു പുതിയ പദ്ധതിക്കു രൂപം നല്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമം ആക്കുന്നതിനുവേണ്ടിയുള്ള വിവിധപ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും പരമാവധി ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുക, പിഴ ഈടാക്കുന്നത് കാര്യക്ഷമമാക്കുക എന്നതും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |

| | | | |
|---|---|---|---|
| (ബി) | പൊതുഗതാഗതവാഹനങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ്.അധിഷ്ഠിത നിരീക്ഷണ സംവിധാനം കൊണ്ടുവരണമെന്ന് ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ 700 ബസ്സുകളിൽ ഈ സംവിധാനം സ്ഥാപിച്ചു കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസ്സുകളിലും ഇത്തരം നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനായുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. ഈ സംവിധാനം വഴി വാഹനത്തിന്റെ നിലവിലെ സ്ഥാനം, വേഗത നിയന്ത്രണ ലംഘനം, നിർദ്ദിഷ്ട പാതയിൽ നിന്നുള്ള വ്യതിചലനം എന്നിവ കൺട്രോൾ റൂമിലിരുന്നു തന്നെ നിരീക്ഷിക്കാൻ കഴിയുന്നു. കൂടാതെ ബസുകളിൽ സി.സി.ടി വി സംവിധാനം, എമർജൻസി ബട്ടൺ എന്നിവ ഈ പദ്ധതിയ്ക്ക് അനുബന്ധമായി നടപ്പിലാക്കുന്നതാണ്. ഇതുവഴി ബസിൽ നടക്കുന്ന എല്ലാ സംഭവങ്ങളും അപ്പപ്പോൾ റിക്കാർഡ് ചെയ്യപ്പെടുകയും ആവശ്യം വേണ്ടുന്ന അവസരങ്ങളിൽ അവ വീണ്ടും പരിശോധിക്കുന്നതിനും സാധിക്കുന്നു. കൂടാതെ എമർജൻസി ബട്ടൻ സംവിധാനം സ്ഥാപിക്കുക വഴി ഏതെങ്കിലും രീതിയിലുള്ള അടിയന്തിര അവസരങ്ങളിൽ കേന്ദ്രീകൃത കൺട്രോൾ റൂമിലേയ്ക്ക് സന്ദേശം നൽകുന്നതിനും സാധിക്കുന്നു. പൊതുഗതാഗത വാഹനങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് 27.04.2012-ലെ ഡബ്ല്യു.പി.(സി) 265/11 പ്രകാരം ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച സുരക്ഷാ മാനദണ്ഡം പാലിക്കുന്നതിന് എല്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ കാര്യക്ഷമമായി വാഹനപരിശോധന നടത്തി പൊതുവാഹനങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലും മറ്റും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യം തടയുന്നതിന് പിങ്ക് ബീറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ തടയുന്നതിനായി സ്കൂൾ, കോളേജ് പരിസരങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് പട്രോളിങ്ങും പോലീസ് സാന്നിദ്ധ്യവും ഉറപ്പ് വരുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതമായി സഞ്ചരിക്കുന്നതിനായി 'ഷീ ഓട്ടോ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| **(സി)** | സംസ്ഥാനത്ത് റോഡ് സേഫ്റ്റി കൗൺസിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | **(സി)** | സംസ്ഥാനത്ത് 2007 മുതൽ ജില്ലാ തലത്തിൽ ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളും സംസ്ഥാന തലത്തിൽ റോഡ് സേഫ്റ്റി അതോറിറ്റിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.